# വഞ്ചീശഗീതി

**(ഖണ്ഡകാവ്യം)**

**ഉള്ളൂർ എസ്. പരമേശ്വരയ്യർ**

മലയാളം വിക്കിഗ്രന്ഥശാല

**http://ml.wikisource.org**

തരം: ഖണ്ഡകാവ്യം
ഭാഷ: മലയാളം
രചയിതാവ് : ഉള്ളൂർ എസ്. പരമേശ്വരയ്യർ
പകർപ്പവകാശം: ഇല്ല. പൊതുസഞ്ചയത്തിൽ പെട്ടത്
ടൈപ്പ് ചെയ്തത്: മലയാളം വിക്കിസമൂഹം
ഉറവിടം: *http://ml.wikisource.org/wiki/Vancheeshageethi*

# വഞ്ചീശഗീതി

മഹാമഹിമശ്രീ
കേരളവർമ്മ വലിയകോയിത്തമ്പുരാൻ
സി.എസ്.ഐ, എഫ്.എം.യു, എം.ആർ.എ.എസ്.,
എഫ്.ആർ.എച്ച്.എസ്.
തിരുമനസ്സിലെ അനുമോദനപദ്യങ്ങൾ

'വഞ്ചിമഹീപതിഗീതി'യി-
തഞ്ചിതകവിതാവിലാസചാതുരിയാൽ
നെഞ്ചിലെനിക്കതിവേലം
സഞ്ചിതമാം സമ്മദത്തെയേകുന്നു. **1**

ഭാഷയിലർത്ഥാലംകൃതി
പോഷമിയന്നീവിധം ഘടിപ്പിപ്പാൻ
ഏഷകവിരതിവിശാരദ-
നീഷലിതിന്നില്ലൊരീഷലെന്നുള്ളിൽ. **2**

പരമേശ്വരയ്യരാം കവി
വരഗുണമാം കാവ്യമാരചിച്ചേവം
നരപതിയിൽ മമതയേയും
സരസതയേയും സ്ഫുടീകരിച്ചു നിജാം. **3**

ചെമ്മേ മലയാളത്തൊട്ടു
സമ്മേളിച്ചോരു തമിഴിലിമ്മതിമാൻ
എമ്മേ പരീക്ഷ പാസ്സാ-
യിമ്മേദിനിതന്നിലാരുവാനിതുപോൽ? **4**

ഹൌണീവൽ ഗൈർവാണീ
നാണീയസ്സാം പരിശ്രമബലത്താൽ
ക്ഷോണീസുരനുവശത്തായ്
വാണീടുന്നതുമനല്പമത്ഭുതമേ. **5**

ഇങ്ങനെ പല യോഗ്യതയും
തിങ്ങിന പരമേശ്വരയ്യരുടെ കാവ്യം
എങ്ങനെ കവിതാവിരുതു വി-
ളങ്ങിനവർക്കനഭിനന്ദ്യമായിടും? **6**

വാരിധി ചുറ്റും വാഴ്കും
പാരിതിനെതിരറ്റ ഫാലതിലകമതായ്
ഭാരതമെന്നൊരു ഖണ്ഡം
സാരത തടവിസ്സമുല്ലസിക്കുന്നു. 1

അതിനുള്ളിലുണ്ടു കേരള-
മിതി നല്ല യശ്ശസ്സിയന്നിട്ടും ദേശം;
വിധി നിതരാം പ്രകൃതിയതാം
സുതനുവിനായ്ത്തീർത്ത സുരുചിരോദ്യാനം. 2

പാരിൽ തദംശമൊന്നിനു
പേരെത്തിവരുന്നു വഞ്ചിയെന്നു ചിരം;
ദാരിദ്രനദമതിൻ മറു-
തീരത്തതിലുള്ള മനുജർ കയറുന്നു. 3

വരദം നിലമതിൽ നന്മഴ-
യൊരുതെല്ലും തെറ്റിടാതെ പോയ്തവിടം
വരതരുണി ധരണി ചൂടിയ
മരതകമണിമാല്യമായ് ലസിക്കുന്നു. 4

സൗഖ്യദമിദ്ദിക്കിന്നൊരു
മുഖ്യസ്ഥലമുണ്ടു തിരുവനന്തപുരം;
ചക്രമൊടിവിടെ വസിപ്പവ-
രൊക്കെബ്ഭോഗികളിലഗ്രഗണ്യന്മാർ. 5

ശ്രീമദനന്തപുരത്തിൽ
ശ്രീമദമിന്ദ്രന്നു തീർന്നുപോംമട്ടിൽ
സീമ ദയയ്ക്കില്ലാതൊരു
കാമദമാം കല്പവൃക്ഷമമരുന്നു. 6

അതിനിവിടെ രാമവർമ്മാ-
ഭിധ നലമൊട്ടു നൽകിടുന്നു നരരെല്ലാം;
അതിനുടെ ഗുണങ്ങൾ വാഴ്ത്തു-
ന്നതിനാകുന്നില്ല ശേഷമജനുമഹോ! 7

മൂലത്തിലിന്നു സുമനോ-
ജാലത്താൽ സേവ്യമായുദിച്ചാർക്കും
കാലത്തിസ്സന്താനം
ചേലൊത്തനവധി ഫലങ്ങളരുളുന്നു. 8

തരുവതിനേതുമിവർക്കി-
ത്തരുവതിനെത്തുന്നു പടുതയും മനവും
സുരഭിയെയും തൻ പുകഴാൽ
സുരഭിയിതധരീകരിച്ചു വിലസുന്നു 9

നിരവധി ശാഖകളോടിതു
കുറവില്ലാതുച്ഛ്രയത്തിലാമോദം
തരുവതിനു മേലുമെന്നും
തിരുവുളമരുളട്ടെ ഭാമതൻ രമണൻ 10

സൗന്ദര്യമാം നഭസ്സിൽ
സൗഖ്യമൊടമരും ശശാങ്കമണ്ഡലമോ?
സൗഭാഗ്യമാം സരസ്സിൽ
സൗരഭ്യം പൂണ്ടു വിലസുമംബുജമോ? **11**

സൽഗുണമാം ജലനിധിയിൽ
പാർക്കും പ്രഭയാർന്ന രത്നതല്ലജമോ?
സൽകലയാം ശൈവലിനിയിൽ
വായ്ക്കും വരമാം സുവർണ്ണസൈകതമോ? **12**

വഞ്ചിക്ഷ്മാവാസികളാൽ
സഞ്ചിതമാം സർവപുണ്യസമുദായമോ?
വഞ്ചിച്ചു വാരിജാക്ഷൻ
പഞ്ചനാംഗം ധരിച്ചിട്ടും പരിചോ? **13**

കരകൗശലവിഷയത്തിൽ
പരമേഷ്ഠിക്കുള്ള പരമനൈപുണിയോ?
ധരയുടെ തിരുമംഗല്യാ-
ഭരണത്തിൻ ഭാഗധേയപരിണതിയോ? **14**

ഞങ്ങടെ നയനങ്ങൾക്കൊരു-
മംഗലപീയൂഷമിളയിൽ മറ്റുണ്ടോ?
ഞങ്ങടെ ഹൃദംബുജത്തിൻ
മങ്ങലകറ്റുവതിനന്യരവിയുണ്ടോ? **15**

ഞങ്ങളുടെ ബാധമുഴവനു-
മങ്ങലമോടിക്കുമമലമന്ത്രമിതേ
ഞങ്ങളുടെ കാമമെല്ലാ-
ത്തിങ്ങളുമരുളുന്ന ദിവ്യമണിയുമിതേ. **16**

ഞങ്ങളുടെ രുജകളെല്ലാം
നീങ്ങുവതിന്നുള്ളൊരഗദവരവുമിതേ
ഞങ്ങളുടെ സകലവിത്തവു-
മിങ്ങുലകിൽ ദൈവമാണെ സുദൃഢമിതേ! **17**

നന്നായ് രസാതലാവന-
മെന്നും ചെയ്തിയലുമീ വിശിഷ്ടാത്മാ
ത്തൂർണ്ണം ചക്ഷുശ്ശ്രവണാ-
നന്ദം നൽകുവതിലെന്തു വൈചിത്ര്യം? **18**

മൂലധരണീമണാളൻ
മൂലം മൂർദ്ധാഭിഷിക്തർ മുന്നുള്ളോർ
മൂലയിലും കീർത്തിയെ നിർ-
മ്മൂലയതായ്ക്കണ്ടു മൂർച്ഛയണയുന്നു. **19**

അവരമരനാട്ടിൽനിന്നും
ഭുവി രഭസാൽ പെയ്യുമശ്രു വഞ്ചിക്കായ്
നവരമൃതനല്കുന്നതു
വിവരംവിട്ടോർക്കു വൃഷ്ടിയായ്തോന്നും. **20**

പാർത്ഥിവനിവനുടെ നാട്ടിൽ
പാർത്തിയലും ലക്ഷ്മിതൻ വിലാസമദം
ആർത്തിയൊടെവിടെയുമെത്തി-
ക്കീർത്തിയതാം തൽസപത്നി ചൊല്ലുന്നു. 21

നിദ്രപരതാ, ഗദാശ്രയ-
മിത്യാദിപെടുന്ന നിർഗ്ഗുണൻതന്നിൽ
എത്താതെയോ കുതുഹല-
മത്താർമാതണവതസ്മദധിപതിയേ? 22

വഞ്ചികരസ്ഥമതാകുകി-
ലഞ്ചിതരസമവിടെ ലക്ഷ്മിയണവതിലും
ഭാർഗ്ഗവസൽക്ഷേത്രത്തിൽ
ഭാർഗ്ഗവി വാഴ്വതിലുമെന്താരാശ്ചര്യം? 23

തൻ തനയതന്നൊടിദ്ധാ-
ത്രീന്ദ്രനമർന്നിട്ടുവതോർത്തു കൊപിച്ചോ
സിന്ധുനടയോളമെത്തി-
ക്രന്ദനമിമ്മട്ടിട്ടുന്നു പകലിരവും? 24

ഇവനുമചലാവനം ദ്ദ-
ശ്ച്യവനസ്പർദ്ധയൊട്ടു ചെയ്തിട്ടുന്നതിനാൽ
ഭുവി നിതരാം തൻപുകഴിനു
ലവണാംബുധി കുറവുകണ്ടെതിർക്കുന്നോ? 25

വമ്പൊട്ടു രത്നാകരതാ-
ഗാംഭീര്യാദികളിൽ മേന്മകണ്ടുഴറി
അംബുധി നെട്ടുവീർപ്പിട്ടോ
സംപൂർണ്ണത്രപയിൽ വെളിയിൽ നില്ക്കുന്നു? 26

ശീലയശോരൂപഗുണാ-
ഗ്ര്യാലയമിവനുചിതനിന്ദിരയ്ക്കെന്നായ്
വേലയിൽവച്ചോർത്തു രസ-
ത്താലയമാർക്കുന്നുവോ നിറഞ്ഞുള്ളം? 27

ചലയെന്നു പേർകേട്ടൊരു
മലർമങ്കയിവണ്ണമചലയായിവിടേ
വിലസുവതു തല്പസതീ-
തുല വരുവതിനാശ കരളിലുൾക്കൊണ്ടോ? 28

'ഭാ' മുന്നമെത്തി, പുറമേ
'മാ' മന്ദേതരമണഞ്ഞു മനസി മുദാ;
ഈ മന്നിടത്തിലിനിമേൽ
'യാ' മനുജേശനു വരേണ്ടതതുമെത്തി. 29

പിരിയില്ല നൃപനെയിനിമേ-
ലരിയൊരുരമ, ഞാനുമധരയാമപ്പോൾ;
ശരിയല്ലിതെന്നു വച്ചോ
ധരയിവനെച്ചേർന്നു യുവവയസ്സതിലേ? 30

ഭ്രമാശ്ലിഷ്ടനിവങ്കൽ
ഭ്രമാശ്ലേഷം ഭവിച്ചതവിചിത്രം;
വസുമതി ചേരാതിവനൊട്ടു
വസുമതിയാകില്ലതാണിഹ വിചിത്രം. **31**

തന്നുടയ കാന്തമാരെ വി-
ചിന്വന്നായ് ശൗരി തിരുവനന്തപുരം
തന്നിലുരുസംഭ്രമത്തൊട്ടു
വന്നമരുന്നെന്നു ചിലരുരയ്ക്കുന്നു. **32**

മറ്റു ചിലർ മൂലനൃപനുടെ-
യറ്റംവിട്ടുള്ള പുകഴ്ചരന്നിവിടം
മുറ്റും പാൽക്കടലെന്ന-
പ്പോറ്റി നിനയ്ക്കുന്നതായ്കഥിക്കുന്നു. **33**

ഇനിയൊരുകൂട്ടർ ജഗൽസ്ഥിതി
തനിയേ ചെയ്യുന്നൊരിവനിൽ വിശ്വാസാൽ
ദനുജാരിയിവിടെ നിദ്രാ-
പ്രണയം തേടുന്നുവെന്നു ചൊല്ലുന്നു. **34**

എന്മതമനന്തനിവനുടെ
നന്മ തനിക്കൊന്നുനോക്കി വർണ്ണിപ്പാൻ
മുന്മുദിതനായ്ക്കടന്നള-
വമ്മധുരിപു പിൻതുടർന്നുവെന്നത്രേ. **35**

എന്നാലതിന്റെ പഠനമ-
വന്നാകുന്നില്ലതാകിലല്ലാതേ
പന്നഗപതി പോകില്ല, മ-
ഹേന്ദ്രകനിഷ്ഠനു പിന്നെയെന്താവൂ? **36**

മിണ്ടാതെനിന്നു രസനകൾ
രണ്ടായിരമുള്ളൊരുഗപരിവൃഢനും
തിണ്ടാട്ടുമെന്നുമിങ്ങനെ
കണ്ടാലമ്മട്ടു കാശ്യപീശഗുണം. **37**

അതുമല്ല തനിക്കായി-
ക്ഷിതിപാലിക്കുന്ന ഭക്തനസുരാരി
പതിവായ്ദർശനമരുളി-
പ് പൃഥിവിയിൽ നന്ദിക്കു മേന്മകാട്ടുന്നു. **38**

ഹര! ഹര! കഥിപ്പതെങ്ങനെ
മുരഹരചരണത്തിൽ മൂലനൃപഹൃദയേ
പെരുകുന്ന ഭക്തി; യതിനൊരു
കരകാണുന്നില്ല കടലിനെന്നവിധം. **39**

നരനില്ല ഭക്തി ധാത്രീ-
ശ്വരനായേലേതുമില്ല കലികാലേ;
പറയേണ്ട പശ്ചിമപരി-
ഷ്കരണം ചേർന്നിട്ടുകില്ലുള്ള പരിണാമം. **40**

അമ്മാതിരിയുലകിലുമി-
ദ്ധർമ്മാവനി കാത്തിടുന്ന ധരണിപനിൽ
നിർമ്മായഭക്തി നിറയു-
ന്നമ്മാ! ഹരിതൻ വിലാസമാശ്ചര്യം. 41

മുത്താർന്നൊരീ രസാധിപ-
നെത്തുന്നു സമുദ്രഭാവമെന്നോർത്തോ
അദ്ധന്യനായ വിധുവും
ചിത്രം നന്നായ് വിളങ്ങിടുന്നുള്ളിൽ? 42

വിത്തം മദത്തിനും ഭുജ-
ശക്തി പരോപദ്രവത്തിനും വിലസും
മർത്ത്യരെയുണർത്തുവാനേ-
തിദ്ദിവ്യനൊടൊപ്പമുപനിഷത്തിളയിൽ? 43

ധാത്രി യശോദയതായ് പുരു-
ഷോത്തമനാം ചക്രസേവ്യനവനീശൻ
സദ് വൃന്ദാവനതാൽപ-
ര്യത്തൊട്ടു ശംഖപ്രിയത്വമിയലുന്നു. 44

പാരിൽ ഭക്തൻ ഭഗവൽ-
സാരൂപ്യമിവണ്ണമാർന്നതത്ഭുതമോ?
ആരിപ്പ്രത്യക്ഷേശനെ
നേരിൽ പണിയാതെ മോക്ഷമിച്ഛിപ്പോർ? 45

ധന്യൻ ലക്ഷ്മണസേവ്യനി-
നാന്വയസംഭൃതി, ഭൂമിജാതേശൻ
ഇന്നവ്യരാമരാജൻ
പുണ്യജനങ്ങൾക്കു മോദമരുളുന്നു 46

ഈരാജാവനവരതം
ചാരുയശസ്സെന്ന ചന്ദ്രികാപൂരം
ചേരുന്നപടി ലസിച്ചി-
പ്പാരാകെപ്പൗർണ്ണമാസിയാക്കുന്നു 47

സർവജ്ഞമൗലിതന്നിൽ
സർവത്ര ലസിക്കുമിക്കലാവാനാൽ
ഉർവിക്കകം തമസ്സിനു
നിർവാദം ഗേഹമില്ല മേലെന്നായ് 48

ഇച്ചന്ദ്രാലോകത്താൽ
നിശ്ചയമെത്തുന്നു കുവലയാനന്ദം
പണ്ഡിതരാജവചസ്സും
മണ്ഡിതമാക്കുന്നിതിൻഗുണം ചിത്രം 49

പേർത്തും നാട്ടാർക്കിബ് ഭൃ-
ഭൂത്തേകീടുന്നു ജീവനം മേന്മേൽ
ഇത്ഥമൊരു ഗൊത്രമില്ല മ-
ഹത്വം പാർത്താൽ ധരാന്തരാളത്തിൽ 50

ക്ഷത്രപനാകുമിവൻ ന-
ക്ഷത്രപനായിടരുതെന്നു ചിന്തിച്ചോ
അദ് ദ്രുഹിണനരുളടാത്തിതു
ഹൃത്തട്ടിങ്കൽക്കളങ്കസമ്പർക്കം? 51

പത്തൊൻപതബ്ദമായി-
പ്പേർത്തും പുകഴാർന്നൊരിമ്മഹിക്കിവനാൽ
എത്തി പുതിയപരിഷ്കൃതി
വാഴ്ത്തും പുരുഷൻ വസിഷ്ടപൗത്രസുതൻ 52

ധന്യത പെറുമൊരമാത്യരെ
മന്നവനരികത്തണച്ച മരുവുന്നു
ഉന്നതമാം കൊടുമുടിയെ-
ക്കുന്നുകളല്ലാതെ കുഴികൾ ചൂഴ്ന്നിടുമോ? 53

വെള്ളക്കാർ നൽകുന്നു ഹൃ-
ദ്ദുല്ലാസം ജിഹ്മഗാരിയിവനെന്നും;
ചൊല്ലാർന്ന തൽപൂരിക്കായ്
മെല്ലെന്നരുളുന്നു ഘനരസത്തേയും 54

ദുരയോടടുത്തിട്ടുമിവൻ
ദുരയിവനൊടടുപ്പതില്ലതാശ്ചര്യം.
അരിയൊരു മായയൊടൊത്തൊരു
ഹരിയും മായമയത്വമണയുന്നു. 55

ശ്രേയസ്സേഴുമിവനിൽജീ-
സീയെസ്സൈ ജീസിയെയിയെന്നേവം
രണ്ടു ബിരുദം വിളങ്ങു-
ന്നുണ്ടു നഭസ്സീമ് നി പുഷ്പവാന്മോർപോൽ 57

ഇവരണ്ടുമാർന്ന രാജ-
പ്രവരന്മാരില്ലനേകമിളതന്നിൽ;
അവരെ ലസിപ്പിച്ചിയലുമൊ-
രിവ രാജിപ്പാനിവങ്കലണയുന്നു. 58

എമ്മാറേയെസ്സോടെ-
ഫെംയൂതൊട്ടുള്ള മുഖ്യപദവികളും
ഇമ്മന്നനിൽ വിലസുന്നിതു
നിർമ്മലപുഷ്പങ്ങൾപോലെ പൂങ്കാവിൽ 58

കൃതവീരാത്മജസമമി-
ക്ഷിതിപനു താൻ ഭദ്രദീപവുംമറ്റും
പതിവിനു ചെയ്കിലുമേതും
കൊതിയില്ലധികം കരം ലഭിച്ചൂട്ടുവാൻ 59

ദയ മനമതിലാർന്നിവനൊരു
നിയമസമജ്യാവിശേഷമുളവാക്കി;
വസുമതിയിതിനന്നുമുതൽ-
ക്കസമജ്യാഭാവമത്ഭുതം വന്നു 60

അതിധിഷണന്മാരതിലെ
പ്രതിനിധിപദമാർന്ന പുരുഷരത്നമൂലം
അതിഹ സുധർമ്മാധർമ്മ-
പ്രതിഷേധം ചെയ്തീടുന്നു യുഗപദഹോ! 61

ഗോഷ്ഠിയശേഷം വിട്ടി-
ഗ്ഗോഷ്ഠിയനല്പം ലസിച്ചു നൂതനമായ്
കോട്ടകൾ നാട്ടിനു പോവാൻ
കോട്ടുകൾ പലതും ക്രമാൽ ചമക്കുന്നു 62

അർത്ഥം നാട്ടിനു മേന്മേൽ
മെത്തുന്നു കവീന്ദ്രവാക്കിനെന്നവിധം;
ഇദ്ദേവകോശപൂർത്തിയു-
മെത്തുന്നതുതൻ പദത്തിനാലധുനാ. 63

അന്യായം നിയതംശ്രീ
ധന്യയതനത്വമാർന്നൊരുന്നൃപനാൽ
ഇന്നായതമല്ലല്പവു-
മെന്നായിത്തീർന്നിടുന്നു രണ്ടുവിധം. 64

കർമ്മസ്ഥിരയാമിതിനെ-
ദ്ധർമ്മസ്ഥിരയാക്കി നൃപതി രൺറ്റുവിധം
വന്മുത്തൊട്ടു വിലസുവതബ്-
ബ്രഹ്മത്രിദശേശർപോലുമറിയുന്നു. 65

ഈ രാജപരിസരം ചെ-
റ്റാരാകിലുമല്പമണകിലവനവരെ
പാരാതെ രാജരാജ-
ശ്രീരാജിതരാക്കിടുന്നു സുദൃഢമഹോ! 66

സംഖ്യാവാന്മാർ പൊകിൽ
സംഖ്യാതീതം ധനം കൊടുക്കുമിവൻ
തൻകത്താൽ കാണ്മോർക്കും
തങ്കത്താൽ ചെയ്തിടുന്നതഭിഷേകം. 67

ഏകനാഖിലവുമിബ് ഭൂ-
ലോകാവനജാഗരൂകനമരുമ്പോൾ
ഏകാദശി നോൽക്കുന്നതു
നാകാവ്യാപ്തിക്കുതന്നെ ചിലരവനൗ. 68

ഉപവാസംചെയ്യുന്നോർ-
ക്കുപവാസത്തിനു വഴിയകറ്റി മുദാ
സ്വപുരക്ഷാമത്തിന്നും
നൃപനക്ഷാമം വരുത്തിപോൽ ക്ഷാമം. 69

ഇമ്മാനുഷരെല്ലാരും
സന്മാർഗ്ഗത്തിൽ ചരിച്ചുകാണ്മതിനായ്
മേന്മേൽ കോടതികളേയും
നിർമ്മിക്കുന്നു റോഡുകളെയുമിവൻ. 70

തോട്ടുകളെ നാഞ്ചിനാട്ടിൽ
പാടേ തീർക്കുന്നുപോൽ കുടിക്കാർക്കായ്;
മോടിയതവസാനിച്ചാൽ
കൂട്ടും; മുഖമൊന്നവർക്കു വികസിക്കും. 71

വിരവൊടു വാദ്ധ്യാന്മാരും
കുറവില്ലാതേറ്റമെഞ്ച് ജനീർമാരും
നിരവധി ജലാശയങ്ങളെ
നരവരനരുളാൽ തെളിച്ചിടുന്നു പരം. 72

ഈ വഞ്ചിയുടെ നടുക്കൊരു
തീവണ്ടിയുമിപ്പൊഴുണ്ടതിൻ ധൂമം
കേവലമലക്ഷ്മിയകമേ
വേവറ്റു വിടുന്ന ദീർഘനിശ്വാസം. 73

കൊളംബാഭ്യുദയത്തിനു
കോളംബ വരുത്തി വണ്ടിതൻവഴിയായ്;
ആലപ്പുഴയും മറ്റും
കാലപ്പിഴയാർന്നു തോൽക്കുമതൊടിനിമേൽ. 74

കണ്ടെഴുതുന്നവരായ് പല-
രുണ്ടതുതൻ കാര്യവും കുറേ നാളിൽ
ഹന്ത! പരീക്ഷകർതൻ ശ്രു-
ഷ്ക്കാന്തി നിമിത്തം ജവേന തീർന്നിടും. 75

പ്രജകൾക്കായ് ജലസൂത്രവ്യ-
മചിരേണ പരിഷ്കരണസമാജമതും
ശുചി നഗരേ പടരുവതും
ശുചി പടരായ് വതുമറിഞ്ഞു നൽകി നൃപൻ. 76

നാട്ടിൽ കലാലയം സ-
മ്രാട്ടിപ്പോളേർപ്പെടുത്തി രണ്ടുവിധം
ഒട്ടേറെമുതൽ വരുത്തി-
ത്തുഷ്ട്യാ ചെലവാക്കിടുന്നിതതു വീണ്ടും. 77

അസ്തീകൃതവിദ്യാഭ്യാ-
സത്തിൽക്കുറവോർത്തതെക്കുറയ്ക്കുമിവൻ
അസ്തീകൃതമാമതിനാൽ
പേർത്തും മറ്റുള്ള നൃപരെ വെല്ലുന്നു. 78

അനൃതാദികൾ വർദ്ധിക്കണ-
മനൃതാദികൾ പോണമതിനിവൻ മുറപോൽ
തീർക്കുന്നിതു സാങ്കേതിക-
ദുർഗ്ഗുണപരിഹാരപാഠശാലകളേ. 79

സുരഹിതയായൊരു വാണി-
ക്കസുരഹിതത്വം ഭവിപ്പതോർത്തകമേ
നരപതി തദ്വസിതക്കാ-
യൊരു ഗൃഹമരികത്തു തീർത്തുപോൽ മുന്നേ. 80

ഇവനൊരുപന്യാസസദ-
സ്സവികലമുളവാക്കി തിരുവനന്തപുരേ;
അവിടെയധികപ്രസംഗ-
ശ്രുവണംചെയ് വോർക്കതാകെയൊഴിയുന്നു. **81**

നൃഹരിയിഹ പൂർവലേഖാ-
ഗ്രഹണംചെയ്യവതിനു പണികൾ തുടരുകയാൽ
അകമേ സുമനോവൃന്ദം
വികലതവിട്ടുള്ള തോഷമേന്തുന്നു. **82**

പൃഥ്വീശനുള്ള വനവും
വിദ്രുമസംശോഭി സിന്ധുസമമെന്നാൽ
പേർത്തും മുക്താഫലത വി-
ചിത്രമവയ്ക്കെത്തിടുന്നു നാൾതോറും. **83**

ഗോത്രേശനെന്തിനിളമേൽ
പേർത്തും സ്ഥാപിപ്പതാശുപത്രികളേ?
ഗോത്രാരിയെന്നു നൃപരിൽ
കീർത്തി നിതാന്തം ലഭിച്ചുകൊൾവതിനോ? **84**

ആയുർവേദത്തിനു പര-
മായുർവൃദ്ധിയെ വളർത്തുമീ നൃപനെ
ന്യായത്തിനു ധന്വന്തരി
രായുംപകലും മുഷിഞ്ഞുകാത്തിടണം. **85**

പതിവായ്ക്കൃഷിപ്രദർശന-
മതുപോൽ കേതുപ്രതിഷ്ഠയിവമൂലം
അതിയായ് ദ്വിധാ വളർത്തു-
ന്നിതു നൃവരൻ ക്ഷേത്രകർമ്മപുഷ്ടി സദാ. **86**

ഇമ്മട്ടു നൃപഗുണങ്ങളെ-
യെന്മയ്യുള്ളോർക്കു വാഴ്ത്തുവാനെളുതോ?
ബ്രഹ്മവ്യാസാഹീശ്വരർ
കമറ്റിയിൽവച്ചു വേണമിതുചെയ്വാൻ. **88**

ഉദധിയിവനേയുമിവനുടെ
പൃഥിവിയേയും ഭക്ഷ്യമാക്കുമതുവരേയും
ഇതുമട്ടൊരുവനെ നോക്കാൻ
കൊതിയൊട്ടു നക്ഷത്രമെണ്ണുമെന്നുമിവൻ. **89**

ധര കാക്കുന്നവർ ലക്ഷം
വരികിലുമിവനേ ധരാനുരൂപവരൻ;
പെറുകിലുമനേകപക്ഷികൾ
ചിറകു ഗുരുത്തമല്പദം സുപർണ്ണനുതാൻ. **90**

നാല്പത്തേഴു ശരത്താ-
യിപ്പുത്തൻരാജഹംസമീമട്ടിൽ
പാർപ്പതിനാൽ സ്ത്രീപുരുഷർ-
ക്കുള്ളതമൊരുപോൽ നടപ്പു തെളിയുന്നു. **91**

മുരഹര! സമാ 'ഗണം'ഭ്ര-
ഹരിഹയനിനിയും ലസിച്ചിടാനേവം
പെരികെ രസമാകണം നിൻ
പുരുകരുണാപൂർണ്ണമായ മനതാരി. 92

തന്നു പാതി ഗൗരിയങ്ങേ-
യ്ക്കനഘനിവന്നെട്ടു ദിശകളും പുകഴാൽ;
കനിവൊട്ടു പൊറ്റുത്തുകൊണ്ടിതു
ദിനവും ശംഭോ! വളർത്തിറുക ശംഭോ! 93

ഹന്ത! വിയൽഗതകീർത്തി ന-
നേന്ദ്രപ്രഥമനിവനവിലോന്നതായ്
സന്തതമിളമേൽ വാഴ്വാൻ
കണ്ടേകാളൻകളത്രമോർക്കണം. 94

കടവും ദാനവുമൊരിടം
പെട്ടമൊരു വടിവാർന്നിട്ടും വിനായകനും
മടിവിട്ടമൂതവുമിവനായ്
ദൃഢമാം വിർവ്വാണസുഖവുമരുളേണം. 95

കൃത്തികകൾ പോറ്റിയൊട്ടുവിൽ
ശക്തിയൊട്ടും താരകാരിയായ്ത്തീർന്നോൻ
പൃഥിക്കു താരകമിവ-
ന്നെത്തിക്കുക ശക്തി ധരണികാത്തിടുവാൻ. 96

അബലാശാസ്താവിവനുടെ
സുയശോദാരങ്ങൾ പൂർണ്ണപുഷ്കലപോൽ;
തവ നീരസമിതിൽ വരരുതു
ശിവനൊട്ടു വിധു ചേർന്നുദിച്ചദിവ്യതനോ! 97

തൃച്ചക്രപുരംതൊട്ടു നി-
റച്ചക്കന്യാകുമാരിവരെയെവിടേ
ഇച്ഛയ്ക്കു വസതിയാർന്നൊരു
സച്ചിൽഉണർ ദേവർ കനിയണം നന്ദ്യാ. 98

ശ്രേയസ്സോജസ്സു യശ-
സ്സായുസ്സിവയോട്ടുചേർന്നു മൂലനൃപൻ
ഭൂയസ്സുതരാം ബലവാ-
നായിസ്സുഖമോട്ടു വിജയമാർന്നിടണം. 99

വാഴുക വഞ്ചിമഹേന്ദ്രൻ,
കേഴുക തദമിത്രർ, സമ്മദോദധിയിൽ
വീഴുക നാട്ടാർ, മേന്മേൽ
ച്ചൂഴുക സുയശസ്സു ശുഭദ്രമായിവനേ. 100

ഇത്ഥം പരമേശ്വരകവി
തീർത്തൊരു വഞ്ചീശഗീതി മേളമൊടേ
അത്താലാങ്കസഹോദര-
നെത്തിക്കുക രാഗമാർക്കുമേ ചോൽവാൻ. 101